## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3007 15/02/2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## നികുതി രജിസ്റ്ററും തണ്ടപ്പേർ രജിസ്റ്ററും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി കെ. കെ. ലതിക | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന നികുതി രജിസ്റ്ററിലും (ബി.ടി.ആർ) തണ്ടപ്പേർ രജിസ്റ്ററിലും (ടി. പി. ആർ) കൈവശക്കാരുടെ പേരുകൾ ചേർക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ; | (എ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ നിന്നും റീസർവ്വേ നടപടി പൂർത്തിയാക്കുന്ന മുറയ്ക്കാണ് അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ തയ്യാറാക്കി സർവെ വകുപ്പ് റവന്യൂ വകുപ്പിന് കൈമാറുന്നത്. നിലവിലുള്ള കൈവശത്തിന്റെയും, സാധുവായ ആധാരങ്ങളുടെയും അടിസ്ഥാനത്തിലാണ് ടി റിക്കാർഡുകൾ തയ്യാറാക്കുന്നത്. ടി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയശേഷം ഉണ്ടാകുന്ന കരണങ്ങൾ (ആധാരങ്ങൾ) അനുസരിച്ച് കൈവശം കൂടി തിട്ടപ്പെടുത്തി പോക്കുവരവ് ചെയ്ത് തണ്ടപ്പേർ രജിസ്റ്ററിൽ മാറ്റങ്ങൾ വരുത്തുന്നു. |
| (ബി) | ഇത് സംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | നിലവിലുള്ള സർവ്വേ മാനുവലിന്റെയും ട്രാൻസ്ഫർ ഓഫ് രജിസ്ട്രി റൂളിന്റെയും അടിസ്ഥാനത്തിലാണ് ടി നടപടികൾ കൈക്കൊള്ളുന്നത് |
| (സി) | യഥാർത്ഥ കൈവശക്കാരുടെ പേരുകൾ പട്ടയം വാങ്ങിയിട്ടില്ല എന്ന കാരണത്താൽ പ്രസ്തുത രജിസ്റ്ററുകളിൽ ചേർക്കുന്നതിന് വടകര താലൂക്കിലെ വില്ലേജ് ആഫീസർമാർ തയ്യാറാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയത്തിന്റെ അടിസ്ഥാനത്തിൽ ബി.ടി.ആർ ലും, ടി. പി. ആർ ലും പേര് ചേർത്ത് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ